# *ദശാസന്ധികൾ*

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

സന്ധിചെയ്യൽ ഇളകിയാടും ആട്ടം:
യുദ്ധപ്പിരി മുറുകുമ്പോഴും
വെള്ളരിപ്രാ കുറുകുമ്പോഴും
കച്ചവടക്കച്ചയഴുകുമ്പോഴും
കാമചാരക്കാറ്റു പരക്കുമ്പോഴും
ആത്മതാളം തകരുമ്പോഴും
ജീവനാളം മുനിയുമ്പോഴും
വ്യർത്ഥമോഹമണയുമ്പോഴും
കാവ്യബിംബമുലയുമ്പോഴും —
കിളിക്കൂട്ടിലെ കിലുക്കമാ-
യൊഴുകുന്ന ഓട്ടുനിനദമ്പോൽ.

സന്ധിചെയ്യൽ തെളിയുക:
ഇരട്ടക്കാൽവെപ്പായ് വളരും
കണ്ടുമുട്ടലും രമ്യപ്പെടലും
രമിക്കലും മരവിക്കലും,
കൂടിച്ചേരാവള്ളിയിലെ
സാദ്ധ്യതച്ചേരുവയളവ്
തന്നിഷ്ടപ്പൊന്നിഷ്ടമുരുക്കിയ
പണയക്കൂട്ടുപലിശയാക്കലും,
കൂടുവെക്കാൻ കൂട്ടുചേർന്ന്
ഇരയെപ്പിടിച്ചിണയാക്കും
കുറിമാറ്റക്കത്തിലെ വരകൾ
താമരദളക്കോറലാക്കലും,
മച്ചകക്കട്ടിലിന്റെ നാൽക്കാലുകൾ
ഉറയ്ക്കാതെയിളകും കമ്പന-
വേഷപ്പകർച്ചാ മൂർച്ഛയിൽ
പുളിമുന്തിരിച്ചാറാക്കലും,
വർഷാവർത്തന മഞ്ഞിൽ
പെറ്റുവീഴും പുളകം
വിളയുന്ന മുളയാക്കലും,

യാത്രാ നൈരന്തര്യത്തിലെ
നാഴികക്കുറ്റിയിൽ തട്ടിവീഴലും;
എല്ലാംകഴിഞ്ഞ്, മറപ്പുരയിൽ
കുളിപ്പിച്ച കുട്ടിയില്ലാതാകവേ
കണ്ണുകൾ കീഴ്മേൽ മറച്ച്
പഞ്ചപുച്ഛമടക്കി ഉൾവലിവാം
ദുശ്ശകുനപ്പൂച്ച കുറുകെച്ചാടവേ.

സന്ധികൾക്കിടയിൽ സ്വരമില്ലാതെ-
ത്തിരിയും ദ്രാവകച്ചുഴിയിലെ
മുറിപ്പാടക്ഷരം ദർശിച്ചത്
സ്ഥലകാലങ്ങൾക്കതീതം വിഹരിച്ച്
ശോകവായുവിലലിഞ്ഞ
ദശരഥാന്ത്യമോ?
കുലംമുടിഞ്ഞു വീണടിഞ്ഞ
രഥസാരഥിയോ?
************************************************************